ഉത്തരം

(എ) പരപ്പനങ്ങാടി-ചേളാരി റോഡ് പുനരുദ്ധരിക്കുന്നതിന് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് 5.24 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും, ലഭിച്ച ടെണ്ടറുകൾ പൊതുമരാമത്ത് വകുപ്പ് (ദേശീയപാതാ) വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരികയുമാണ്.

(സി) ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വച്ച് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ

220 (670) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ നാളിതുവരെ ആലത്തൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ആകെ എത്ര റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയെന്നും അതിനായി ആകെ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ;

(ബി) ഇതിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വകുപ്പ് ഏറ്റെടുത്ത വിവിധ പഞ്ചായത്ത് റോഡുകളെ സംബന്ധിച്ച വിവരം നൽകുമോ ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻകീഴിൽ എൻ.എച്ച്-47-ൽ ചെയിനേജ് 215/000 മുതൽ 240/000 വരെയാണ് ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. 2006 മുതൽ നാളിതുവരെ 26.17 ലക്ഷം രൂപയുടെ 8 അറ്റകുറ്റപ്പണികളാണ് നടത്തിയിട്ടുള്ളത്. 2008-09 കാലയളവിൽ ചെയിനേജ് 182/200 മുതൽ 229/000 വരെ 14.14 കോടി രൂപയുടെ മേജർ പ്രവൃത്തി നടത്തിയതിൽ ചെയിനേജ് 215/000 മുതൽ 229/000 വരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്.

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ 2006 മുതൽ ഇതുവരെ 3162 ലക്ഷം രൂപയുടെ 20 (ഇരുപത്) പ്രവൃത്തികൾക്ക് അനുമതി നൽകുകയും ഇതിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 9 പഞ്ചായത്ത് റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്. ഈ റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly